**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 704

16.7.2012ൽ
മറുപടിയ്ക്ക്

**ലാഭം മാർക്കറ്റിലും മാവേലി സ്റ്റോറിലും**
**വിതരണം ചെയ്യുന്ന സാധനങ്ങൾ**

ചോദ്യം

ശ്രീ. കെ. രാജു ;
ശ്രീ. സി. ദിവാകരൻ ;
ശ്രീ. ചിറ്റയം ഗോപകുമാർ ;
ശ്രീ. പി. തിലോത്തമൻ ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് ലാഭം മാർക്കറ്റുകളും മാവേലി സ്റ്റോറുകളും മുൻ സർക്കാരിന്റെ കാലത്ത് എത്രയിനം സാധനങ്ങളാണ് വിതരണം ചെയ്തിരുന്നത്; അവയുടെ പട്ടികയും 2011 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ അവയുടെ വില വിവരവും വിശദമാക്കുമോ ; | എ) യും ബി) യും<br>പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, അരി,പഞ്ചസാര എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. ഇതിനുപുറമെ ശബരി ബ്രാൻഡിൽ വിൽക്കുന്ന സാധനങ്ങളും എഫ്.എം.സി.ജി സാധനങ്ങളും വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തിയിരുന്നു. മേൽ പരാമർശിച്ചിട്ടുള്ള എല്ലാ സാധനങ്ങളും കൂടാതെ വെളിച്ചെണ്ണയും ഈ മാസം മുതൽ വിതരണം ചെയ്തു വരുന്നുണ്ട്. മേൽ സാധനങ്ങളുടെ 2011 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെയും ഇപ്പോഴത്തെയും വിലവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇപ്പോൾ ഇവയിൽ കൂടി എത്രയിനം സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട് ; അവയുടെ പട്ടികയും അവയുടെ വില എത്ര വീതമാണെന്നും വ്യക്തമാക്കുമോ ; | |
| സി) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ വിറ്റുവരവ് കുറഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിറ്റുവരവ് കുറയാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ ? | സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരവിൽ കുറവ് ഉണ്ടായിട്ടില്ല എന്നതിനുപുറമെ വിറ്റുവരവിൽ വർദ്ധനവും ഉണ്ടായിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

അവശ്യ സാധനങ്ങളുടെ വില നിലവാരം

| No. | Items | Feb-11 | Mar-11 | Apr-11 | Jul-12 |
|---|---|---|---|---|---|
| 1 | Green gram | # 64.00 | # 62.00 | # 62.00 | 49.00 |
| 2 | UD washed(Whole) | 36.00 | 36.00 | 36.00 | 36.00 |
| 3 | UD split | 31.00 | 31.00 | 31.00 | 31.00 |
| 4 | Bengal gram bold | # 33.60 | # 32.20 | # 31.50 | 44.00 |
| 5 | Lobia | 26.50 | 26.50 | 26.50 | 26.50 |
| 6 | Toordhal | 34.00 | 34.00 | 34.00 | 34.00 |
| 7 | Peasdhal | 18.00 | 18.00 | 18.00 | 18.00 |
| 8 | Chillies | 45.00 | 45.00 | 45.00 | 45.00 |
| 9 | Corriander | 57.00 | 57.00 | 57.00 | 45.90 |
| 10 | Cuminseed | 96.00 | 96.00 | 96.00 | 96.00 |
| 11 | Mustard | 22.00 | 22.00 | 22.00 | 22.00 |
| 12 | Methi | 28.00 | 28.00 | 28.00 | 28.00 |
| 13 | F.S.Sugar | 25.00 | 25.00 | 25.00 | 25.00 |
| 14 | Maveli Raw rice sortex | 16.00 | 16.00 | 16.00 | 16.00 |
| 15 | Maveli Matta rice sortex | 16.00 | 16.00 | 16.00 | 16.00 |
| 16 | Jaya rice | | | | 21.00 |
| 17 | Kuruva rice | | | | 19.00 |
| 18 | Coconut Oil | | | | 69.00 |

# ചെറുപയറും വൻകടലയും ഭാരത സർക്കാരിൽ നിന്നുള്ള ലഭ്യതയ്ക്കനുസരിച്ചാണ് വിൽപ്പന നടത്തിയിരുന്നത്. കേന്ദ്ര സബ്സിഡിയോടെ മെസ്സേഴ്സ് പി.ഇ.സി. ലിമിറ്റഡ് വഴി ഇവ ലഭിച്ചിരുന്നപ്പോൾ ചെറുപയർ 20 രൂപയ്ക്കും കടല 20 രൂപയ്ക്കുമാണ് വിതരണം നടത്തിയിരുന്നത്. എന്നാൽ മേൽ കാലയളവിൽ ഇവ ലഭിച്ചിരുന്നില്ല. ഉപഭോക്താക്കൾക്ക് പൊതു വിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ ഇവ എത്തിക്കുന്നതിനായി സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങി. വാങ്ങിയ വിലയോടൊപ്പം, കടത്തു കൂലിയും കൈകാര്യ ചെലവുകളും മാത്രം ചേർത്ത് ഫ്രീ സെയിൽ സബ്സിഡി നിരക്കുകളിലാണ് ഇവ ഈ കാലയളവുകളിൽ വിതരണം നടത്തിയിട്ടുള്ളത്. ഇപ്രകാരം വിതരണം നടത്തിയ വിലകളാണ് # പ്രകാരം മുകളിലെ പട്ടികയിൽ കാണിച്ചിട്ടുള്ളത്.

[signature]